നം.ഇ.എക്സ്/എ(4)/33850/2021/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
തീയതി: 17/04/2021

പ്രേഷിതൻ

**സെക്രട്ടറി.**

സ്വീകർത്താവ്

**എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും**

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - പൊതുപരീക്ഷകൾ - എസ്.എസ്.എൽ.സി. മാർച്ച് 2021 ഐ.ടി. പരീക്ഷ - സംബന്ധിച്ച്.

സൂചന:- പരീക്ഷാ വിജ്ഞാപനം നം.ഇ.എക്സ്/എ(4)/33850/2020/സി.ജി.ഇ. തീയതി 15/04/2021.

………..

2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയോടനുബന്ധിച്ചുള്ള ഐ.ടി. പരീക്ഷ 2021 മെയ് 5 മുതൽ ആരംഭിക്കുന്നതിന് സൂചന പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഐ.ടി. പരീക്ഷ പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തേണ്ടതാണ്.
- പരീക്ഷയ്ക്ക് കുട്ടികൾ ലാബിൽ പ്രവേശിക്കുന്നതിന് മുൻപും, പരീക്ഷ കഴിഞ്ഞ് പുറത്തേക്ക് ഇറങ്ങുമ്പോഴും കൈകൾ നന്നായി സാനിട്ടൈസ് ചെയ്യേണ്ടതാണ്. ഇതിനുള്ള സംവിധാനം ചീഫ് സൂപ്രണ്ടുമാർ ഒരുക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.
- ഒരു കുട്ടിക്ക് അനുവദിച്ചിരിക്കുന്ന പരീക്ഷാ സമയം അരമണിക്കൂർ ആണ്.
- ഒരു ദിവസം ഒരു കമ്പ്യൂട്ടറിൽ ചുരുങ്ങിയത് 7 കുട്ടികളെ പരീക്ഷയ്ക്കിരുത്തേണ്ടതാണ്.
- ഓരോ പരീക്ഷാ കേന്ദ്രത്തിലുമുള്ള കമ്പ്യൂട്ടറുകളുടെ എണ്ണത്തിന് ആനുപാതികമായി ഇൻവിജിലേറ്റർമാരെ ഡി.ഇ.ഒ. നിയമിക്കേണ്ടതാണ്.
- പരീക്ഷാ സമയക്രമം ഓരോ വിദ്യാലയത്തിലും ഏപ്രിൽ 28 ന് മുന്നോടിയായി തയ്യാറാക്കി വിദ്യാർത്ഥികളെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സെക്രട്ടറി**

പകർപ്പ്:-

എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും - (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)